**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4185** **18-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. യിലെ മൊബൈൽ ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യിൽ പുതിയ ഭരണസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പുതിയ ചെയർമാന്റെയും അംഗങ്ങളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കമോ; പഴയ ഭരണസമിതി അംഗങ്ങളിൽ ആരെങ്കിലും പുതിയ സമിതിയിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ ചെയർമാൻ അഡ്വ.പീലിപ്പോസ് തോമസ് ന്റ പകരം 06.12.2021 ൽ ശ്രീ.കെ. വരദരാജനെ ചെയർമാനായി നിയമിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പഴയ ഭരണസമിതിയിൽ മറ്റു മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. |
| (ബി) | മുൻ ഭരണസമിതിയുടെ കാലയളവിൽ കെ.എസ്.എഫ്.ഇ. ഇടപാടുകൾക്കുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുവാൻ ടെൻഡർ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനസജ്ജമായോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ടെൻഡർ നൽകിയിരുന്നു. മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്. ആപ്ലിക്കേഷൻ ആധാർ അധിഷ്ഠിതമായതിനാൽ അനുവാദത്തിനായി കേന്ദ്ര ഏജൻസിയായ UIDAIയ്ക്ക് 16.08.2021ന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്. |
| (സി) | മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുവാൻ ടെൻഡർ നൽകിയ കമ്പനിയ്ക്ക് കെ.എസ്.എഫ്.ഇ. എത്ര തുക നൽകി എന്ന് വ്യക്തമാക്കുമോ; | (സി) | 25.10.2019ന് 9,99,000/- രൂപയും 27.10.2020ന് 12,36,761/-രൂപയും കൂടി ആകെ 22,36,761/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാകാത്തതിനാൽ മേൽപരാമർശിച്ച കരാറിലൂടെ കെ.എസ്.എഫ്.ഇ. ക്ക് എത്ര തുക നഷ്ടമായെന്നും നഷ്ടപ്പെട്ട തുക തിരിച്ച് പിടിക്കുന്നതിനായി പ്രസ്തുത കമ്പനിക്ക് എതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഡി) | മൊബൈൽ ആപ്ലിക്കേഷൻ roll out ചെയ്യുവാൻ കാത്തിരിക്കുന്നതിനാൽ പ്രസ്തുത കരാർ അവസാനിപ്പിച്ചിട്ടില്ല. |
| (ഇ) | കെ.എസ്.എഫ്.ഇ. യുടെ ആഭ്യന്തര ചിട്ടികൾക്കുവേണ്ടി പുതുതായി മൊബൈൽ ആപ്ലിക്കേഷനും കോർ സോഫ്റ്റ് വെയറും നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | കോർ സോഫ്റ്റ് വെയർ നിർമിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ